**മഹാത്മാഗാന്ധി സർവകലാശാല, കേരളം**

നമ്പർ. 1871/AD A1/4/എ ഡി എ 1/AD A 1 തീയതി: 30.09.2026

## സർക്കുലർ

വിഷയം:- സർവകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലേക്ക് സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസിസ്റ്റന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

സൂചന :- ____________

സർവകലാശാലയുടെ കീഴിലുള്ള ചുവടെ പരാമർശിച്ചിരിക്കുന്ന പഠനവകുപ്പുകളിലേക്ക് അസിസ്റ്റന്റ് തസ്തികയിലുള്ള ഒഴിവുകൾ സ്ഥലംമാറ്റ നിയമനത്തിലൂടെ നികത്തുന്നതിനായി സമ്മതപത്രം ക്ഷണിച്ചു കൊള്ളുന്നു.

1. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് **(SCS)**
2. സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് & ഡെവലപ് മെന്റ് സ്റ്റഡീസ് **(SGTDS)**
3. സ്കൂൾ ഓഫ് പ്യൂവർ ആൻഡ് അപ്ലൈഡ് ഫിസിക്സ് **(SPAP)**
4. സ്കൂൾ ഓഫ് മാനേജ്മെന്റ് & ബിസിനസ് സ്റ്റഡീസ് **(SMBS)**
5. സ്കൂൾ ഓഫ് ടൂറിസം സ്റ്റഡീസ് **(STS)**
6. കെ. എൻ. രാജ് സ്കൂൾ ഓഫ് എക്കണോമിക്സ് (KNRSE)

സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസിസ്റ്റന്റുമാർ തങ്ങളുടെ സമ്മതപത്രങ്ങൾ മേലുദ്യോഗസ്ഥരുടെ ശിപാർശയോടു കൂടി, **സർക്കുലർ പ്രസിദ്ധീകരിച്ച തീയതി മുതൽ 07 ദിവസത്തിനകം** എഡി. എ1 സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്.

ഇപ്രകാരം സമർപ്പിക്കുന്ന സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റത്തിന് ഉത്തരവ് ലഭിക്കുന്ന ജീവനക്കാർ, പ്രസ്തുത ഉത്തരവ് അനുസരിക്കാൻ ബാധ്യസ്ഥരാണ്. അന്തിമ പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം ജീവനക്കാർ തങ്ങളുടെ ഊഴം നിരസിക്കുകയാണെങ്കിൽ പ്രസ്തുത അവസരം വിനിയോഗിച്ചതായി കണക്കാക്കപ്പെടും. മതിയായ കാരണം കൂടാതെ ജീവനക്കാർ തങ്ങളുടെ ഊഴം നിരസിക്കുവാൻ പാടുള്ളതല്ല.

അന്തിമ പട്ടികയിൽ നിന്ന് സ്ഥലംമാറ്റം നടപ്പിലാക്കുന്നത് പ്രസ്തുത സ്കൂളിന്റെ ആവശ്യകത അനുസരിച്ചായിരിക്കും. ആയതിനാൽ സ്ഥലംമാറ്റപ്പട്ടികയിൽ ഇടം നേടുന്നത് സ്ഥലം മാറ്റത്തിനുള്ള അവകാശമായിരിക്കുന്നതല്ല.

***ഒന്നിൽ കൂടുതൽ പഠനവകുപ്പുകളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിക്കുന്ന അസിസ്റ്റന്റുമാർ, ഓരോ പഠനവകുപ്പിലേക്ക് പ്രത്യേകമായി സമർപ്പണം നൽകേണ്ടതാണ്.***

ഒപ്പ്

**ബിനോയ് സെബാസ്റ്റ്യൻ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സ്കൂളുകൾ/ ഡിപ്പാർട്ട്മെൻറുകൾ/ സെൻററുകൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ/ പരീക്ഷാ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി എമാർ
4. പി. ആർ. ഒ/ IQAC
5. നോട്ടീസ് ബോർഡ്/ സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ ഡേ ഫയൽ

The document is digitally approved. Hence signature is not needed.

Draft #114 of File 1871/AD A1/4/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 30-Sep-2026 12:34 PM - Page 1

Draft #114 of File 1871/AD A1/4/2019/AD A 1 Approved by ASSISTANT REGISTRAR I (ADMIN) on 30-Sep-2026 12:34 PM - Page 2

## സമർപ്പണം

വിഷയം: സർവകലാശാലയുടെ കീഴിലുള്ള പഠനവകുപ്പുകളിലേക്ക് സ്ഥലംമാറ്റത്തിന് സന്നദ്ധരായ അസിസ്റ്റന്റുമാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് -സംബന്ധിച്ച്.

സൂചന: 30.09.2026 തീയതിയിലെ പരിപത്രം നം. 1871/AD A1/4/എ ഡി എ 1/AD A 1

1. പേര് / Pf.No. :
2. തസ്തിക :
3. സെക്ഷൻ :
4. ഫോൺ നമ്പർ (മൊബൈൽ) :
5. മഹാത്മാഗാന്ധി സർവകലാശാല സർവ്വീസിൽ അസിസ്റ്റന്റ് തസ്തികയിൽ നിയമിക്കപ്പെട്ട തീയതി :
6. സ്ഥലംമാറ്റം ആഗ്രഹിക്കുന്ന സ്കൂൾ :
7. സർവകലാശാല സ്കൂളുകൾ/ ഡിപ്പാർട്ടുമെന്റുകൾ / സെന്ററുകൾ എന്നിവയിലുള്ള മുൻകാല സേവനവിവരങ്ങൾ

| ക്രമ നം. | സ്കൂൾ/ ഡിപ്പാർട്ട്മെന്റ്/ സെന്റർ | സേവനകാലയളവ് | |
|---|---|---|---|
| | | ചുമതലയേറ്റ തീയതി | വിടുതൽ ചെയ്ത തീയതി |
| | | | |
| | | | |
| | | | |

മേൽ വിവരിച്ച വസ്തുതകൾ എന്റെ അറിവിൽപ്പെട്ടിടത്തോളം ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. സർവകലാശാലയുടെ കീഴിലുള്ള ടി സ്കൂളിലേക്ക് നിയമാനുസൃതമായ സ്ഥലംമാറ്റ നിയമനത്തിന് സമ്മതമാണെന്നും, ഈ സമ്മതപത്രമനുസരിച്ച് ലഭിക്കുന്ന സ്ഥലംമാറ്റ നിയമന ഉത്തരവ് നിരസിക്കുകയില്ലെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

ഒപ്പ്:

സെക്ഷൻ ഓഫീസർ    അസിസ്റ്റന്റ് രജിസ്ട്രാർ    ഡെപ്യൂട്ടി രജിസ്ട്രാർ    ജോയിന്റ് രജിസ്ട്രാർ    മേലധികാരി/ വകുപ്പ് മേധാവി